## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3771 — 17.10.2011 ൽ മറുപടിക്ക്

### അമിത നിരക്ക് ഈടാക്കുന്നത് തടയാൻ നടപടി

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|
| (എ) പരവൂരിൽ നിന്നും ചാത്തന്നൂർ വഴി കൊട്ടിയം ഭാഗത്തേക്ക് പോകുന്ന ബസ്സുകളിൽ ചാത്തന്നൂർ തിരുമുക്ക് തിരിഞ്ഞ് കൊട്ടിയം ഭാഗത്തേക്ക് പോകുവാൻ എത്രബസ്സുകൾക്കാണ് അനുവാദം നൽകിയിട്ടുള്ളതെന്നും, പ്രസ്തുത ബസ്സുകളുടെ വിശദാംശം അറിയിക്കുമോ ; | (എ) പരവൂരിൽ നിന്നും ചാത്തന്നൂർ വഴി കൊട്ടിയം ഭാഗത്തേക്ക് 42 സ്വകാര്യ സ്റ്റേജ് ക്യാരേജുകൾക്ക് പെർമിറ്റുകൾ നൽകിയിട്ടുണ്ട്. ഇവയിൽ 26 പെർമിറ്റുകൾ ഇത്തിക്കര വഴി തിരിഞ്ഞ് ആയൂർ ഭാഗത്തേക്ക് പോകുന്നവയാണ്. |
| (ബി) തിരുമുക്ക് വഴി തിരിഞ്ഞുപോകുന്നബസ്സുകളിൽ ഇത്തിക്കര വരെ യാത്രചെയ്യുന്ന യാത്രക്കാരിൽ നിന്നും ചാത്തന്നൂർ ജംഗ്ഷൻ വരെ പോയി മടങ്ങിവരുന്ന നിരക്ക് ഉൾപ്പെടെയുള്ള തുക ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) മീനാട് ഫെയർ സ്റ്റേജ് കഴിഞ്ഞാൽ ഇത്തിക്കര ഫെയർ സ്റ്റേജ് ഉണ്ടെന്നിരിക്കെ ചാത്തന്നൂർ ജംഗ്ഷൻ കൂടി ഉൾപ്പെട്ട ഫെയർ സ്റ്റേജ് കൂലി വർഷങ്ങളായി ഈടാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) ചാത്തന്നൂർ ജംഗ്ഷനിൽ പോകുവാൻ പെർമിറ്റുള്ള നിരവധി ബസ്സുകൾ തിരുമുക്ക് തിരിഞ്ഞ് പോകുന്നത് തടയുവാൻ ഗവൺമെന്റ് കർശന നിർദ്ദേശം നൽകുമോ ? | (ഡി) ചാത്തന്നൂർ ജംഗ്ഷൻ വഴി പോകുവാൻ പെർമിറ്റുള്ള ബസ്സുകൾ അവിടെവരെ പോകാതെ തിരുമുക്ക് തിരിഞ്ഞ് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ആർ.ടി.ഒ.യ്ക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ